രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി

48 (4039) ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി ഇതിനോടകം നടപ്പിലാക്കിയ ജില്ലകൾ ഏതെല്ലാമാണ്;

(സി) ആർ.ജി.ജി.വി.വൈ. പദ്ധതി പ്രകാരം ഇതിനോടകം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രവർത്തനങ്ങൾ പൂർത്തീകരണ ഘട്ടത്തിലാണ്.

(ബി) 10-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി ജില്ലയിൽ പൂർത്തീകരിച്ചുകഴിഞ്ഞു. 11-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി ബാക്കി 13 ജില്ലകളിലും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ ഇത് പൂർത്തീകരണ ഘട്ടത്തിലാണ്.

(സി) 15383.92 ലക്ഷം രൂപ ചെലവഴിച്ചു.

ഇടുക്കി - 1917.21 ലക്ഷം രൂപ

13 ജില്ലകൾ - 13466.71 ലക്ഷം രൂപ

(ഡി) 12-ാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിലെ എല്ലാ ജില്ലകളിലും ആർ.ജി.ജി.വി.വൈ. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ

49 (4040) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഊർജ്ജ പ്രതിസന്ധിയുടെ അടിസ്ഥാനത്തിൽ പാരമ്പര്യേതര ഊർജ്ജ സ്രോതസുകൾ ഉപയോഗപ്പെടുത്തുന്നവർക്ക് സബ്സിഡി നൽകുന്നതിന് പദ്ധതികളുണ്ടോ ; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

അനെർട്ടിന്റെ 2014-15 വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത റൂഫ് ടോപ്പ് സോളാർ പവ്വർ പ്ലാന്റ് സ്ഥാപിക്കുന്നതിന് കിലോവാട്ടിന് 10,000 രൂപ സബ്സിഡി നിരക്കിൽ 12000 കിലോവാട്ട് ശേഷിയുള്ള സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ ഒരു കിലോവാട്ട് ശേഷിയുള്ള 1500 ഓഫ് ഗ്രിഡ് റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റുകൾ കിലോവാട്ടിന് 25,000 രൂപ സബ്സിഡി നിരക്കിൽ സ്ഥാപിച്ചുനൽകുന്നതാണ്. കൂടാതെ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ കിലോവാട്ടിന് 20,000 രൂപ സബ്സിഡി നൽകി 10 കിലോവാട്ടും അതിന് മുകളിലും ശേഷിയുള്ള ശൃംഖലാ ബന്ധിത സോളാർ പവ്വർ പ്ലാന്റുകൾ സ്ഥാപിച്ചുനൽകുന്നതിനും (ആകെ ശേഷി 2000 കിലോവാട്ട്), മത്സ്യ ബന്ധന ബോട്ടുകളിൽ വൈദ്യുതീകരണം നടത്തുന്നതിന് 1 കിലോവാട്ടിന്റെ 500 പവർ പ്ലാന്റുകൾ കിലോവാട്ടിന് 25,000 രൂപ സബ്സിഡി നൽകുന്നതിനും ഉദ്ദേശിക്കുന്നു. വൈദ്യുതി എത്താത്ത വിദൂര കോളനികളിൽ 90 കിലോവാട്ട് ശേഷിയുള്ള പവർ പ്ലാന്റുകൾ കിലോവാട്ടിന് 2.40 ലക്ഷം രൂപ സബ്സിഡിയോടെ സ്ഥാപിച്ചുനൽകുന്നതിനും നിലവിൽ ഉപയോഗത്തിലിരിക്കുന്ന ഇൻവെർട്ടറുകൾ സൗരോർജ്ജം ഉപയോഗിച്ച് ചാർജ്ജ് ചെയ്യുന്നതിനായി (450 എണ്ണം) 5,000 രൂപ നിരക്കിലും സബ്സിഡി നൽകാൻ ഉദ്ദേശിക്കുന്നു.

കൂടാതെ 0.75m^3 മുതൽ 10m^3 വരെ പ്രതിദിന ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾക്ക് (6300 എണ്ണം) 8000 രൂപ സബ്സിഡിയും 10m^3-ന് മുകളിൽ പ്രതിദിന ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾക്ക് m^3-ന് 4000 രൂപ നിരക്കിൽ ആകെ 2400 m^3 ശേഷി വരെയും സബ്സിഡി നൽകി സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. പ്രതിദിനം 200 ലിറ്ററിന് മുകളിൽ ശേഷിയുള്ള FPC (Flat Plate Collector) ടൈപ്പ് സോളാർ വാട്ടർ ഹീറ്ററിന് 100 ലിറ്ററിന് 4000 രൂപ നിരക്കിലും ETC (Evacuated Tube Collector) ടൈപ്പ് സോളാർ വാട്ടർ ഹീറ്റർ 100 ലിറ്ററിന് 3000 രൂപ നിരക്കിലും സബ്സിഡി നൽകി പ്രചരിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. മെച്ചപ്പെട്ട പോർട്ടബിൾ ബയോമാസ് വുഡ് സ്റ്റൗ (1400 എണ്ണം) പരീക്ഷണാടിസ്ഥാനത്തിൽ 500 രൂപ സബ്സിഡി നൽകി പ്രചരിപ്പിക്കുന്നതിനും, SC/ST/Total Housing Scheme ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട വിറകടുപ്പുകൾ 2500 രൂപ സബ്സിഡി നൽകി സ്ഥാപിച്ച് നൽകുന്നതിനും വിദ്യാലയങ്ങളിൽ മെച്ചപ്പെട്ട കമ്മ്യൂണിറ്റി വിറകടുപ്പുകൾ 6000 രൂപ സബ്സിഡി നിരക്കിൽ സ്ഥാപിച്ച് നൽകുന്നതിനും പദ്ധതിയുണ്ട്. BPL/SC/ST/Fishermen വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്ക് സോളാർ ലാന്റേൺ 1000 രൂപ സബ്സിഡി നൽകിയും മറ്റുള്ളവർക്ക്

500 രൂപ സബ്സിഡി നൽകിയും വിതരണം ചെയ്യാനും പദ്ധതിയുണ്ട്. കൂടാതെ സോളാർ ഹോംലൈറ്റിംഗ് സംവിധാനം 4000 രൂപ സബ്സിഡി നൽകിയും സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന കയർ റാട്ട് 11,000 രൂപ സബ്സിഡി നൽകിയും സ്ഥാപിച്ച് നൽകാൻ ലക്ഷ്യമിടുന്നു.

കാസർഗോഡ് ഗ്രാമങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ

50 (4041) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ മലയോര പഞ്ചായത്തുകളായ കുറ്റിക്കോൽ, ബേദഡുക്ക, ദേലമ്പാടി, പനത്തടി എന്നിവിടങ്ങളിൽ വോൾട്ടേജ് ക്ഷാമം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിലെ മലയോര പഞ്ചായത്തുകളായ കുറ്റിക്കോൽ, ബേദഡുക്ക, ദേലമ്പാടി, പനത്തടി എന്നീ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി സർക്കാരിന്റെ 676 ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി 10.475 കി.മീ. 11 കെ.വി. ലൈൻ വലിക്കുകയും 14 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 27.949 കി.മീ. എൽ.റ്റി. ലൈൻ വലിക്കുകയും 24.334 കി.മീ. സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ടി പ്രദേശങ്ങളിൽ സിസ്റ്റം ഇംപ്രൂവ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തി 4.25 കി.മീ. 11 കെ.വി. ലൈൻ വലിക്കുകയും ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും 2.9 കി.മീ. കൺവെർഷൻ പ്രവൃത്തികൾ ചെയ്യുകയും ചെയ്തിട്ടുണ്ട്.

കൂടാതെ മേൽ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി രാജപുരത്ത് ഒരു 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുള്ളതും ആയതിന്റെ നിർമ്മാണത്തിനനുയോജ്യമായ സ്ഥലം അന്വേഷിച്ചു വരുന്നതുമാണ്. കൂടാതെ നിലവിലുള്ള ബേലൂർ 33 കെ.വി. സബ്സ്റ്റേഷനിൽ ഒരു 5 എം.വി.എ. ട്രാൻസ്ഫോർമർ കൂടി സ്ഥാപിച്ച് സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ജോലികൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly